പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

06.06.2018 ലെ മറുപടിയ്ക്ക്.

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 862

## വാത്സല്യനിധി പദ്ധതി

| ചോദ്യം<br>ശ്രീ.ടി. വി. ഇബ്രാഹിം | | ഉത്തരം<br>ശ്രീ. എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി | |
|---|---|---|---|
| (എ) | വാൽസല്യനിധി പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | വാർഷിക വരുമാന പരിധി 1 ലക്ഷത്തിൽ താഴെയുളള പട്ടിക ജാതി വിഭാഗത്തിൽപെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്രവികസന പദ്ധതി 2017-2018 വർഷം മുതൽ നടപ്പിലാക്കി വരുന്നു. 01.04.2017 മുതൽ ജനിക്കുന്ന പെൺകുട്ടികൾക്കാണ് അർഹത.ടി പദ്ധതിയിൽ ആദ്യ ഗഡു 39000 രൂപ നിക്ഷേപിക്കുന്നത് പെൺകുട്ടി ജനിച്ച് 9 മാസത്തിൽ അധികരിക്കാത്ത കാലയളവിലാണ്. ഇതിലൂടെ നിർബന്ധിത പ്രതിരോധ വാക്സിനുകൾ എടുത്തിരിക്കണം. ഇതിലൂടെ കുട്ടിയുടെ ആരോഗ്യ സുരക്ഷ ഉറപ്പ വരുത്തുന്നു. തുടർന്ന് രണ്ടാം ഗഡു 36000 രൂപ അഞ്ചുവയസ് പൂർത്തിയായതും പ്രൈമറി സ്കൂളിൽ പ്രവേശനം നേടിയതും ആയ കുട്ടികൾക്ക്,മൂന്നാം ഗഡു 33000 രൂപ 10 വയസ് പൂർത്തിയായതും അഞ്ചാംതരം പ്രവേശനം നേടിയതും ആയ കുട്ടികൾക്ക്,നാലാം ഗഡു 30000 രൂപ 15 വയസ് പൂർത്തിയായതും പത്താംതരം പ്രവേശനം നേടിയതും ആയ കുട്ടികൾക്ക് എന്നിങ്ങനെ LIC യിൽ നിക്ഷേപിക്കുന്നു. ആയത് പ്രകാരം പെൺകുട്ടികൾ 18 വയസു |

| | | | |
|---|---|---|---|
| | | | പൂർത്തിയാവുമ്പോൾ 300000 രൂപയോ അതിൽ കൂടുതലോ നൽകുന്നു.(Assured Amount) |
| (ബി) | നാളിതുവരെ കൊണ്ടോട്ടി മണ്ഡലത്തിൽനിന്ന് എത്ര പേരെയാണ് വാൽസല്യനിധി പദ്ധതിയിൽ ഉൾപ്പെടുത്തിയതെന്ന് അറിയിക്കാമോ; | (ബി) | 75 അപേക്ഷകരെയാണ് വാൽസല്യനിധി പദ്ധതിയിൽ ഉൾപ്പെടുത്തിയത് |
| (സി) | പദ്ധതിയിൽ അംഗങ്ങളാക്കുന്നതിന് വേണ്ടി കൊണ്ടോട്ടി മണ്ഡലത്തിൽ പ്രത്യേക അവബോധ പരിപാടികൾ സംഘടിപ്പിച്ചിരുന്നോ; എങ്കിൽ പരിപാടിയുടെ വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | എസ്. സി. പ്രമോട്ടർ മുഖേന എല്ലാ പഞ്ചായത്തുകളിലും വിവരം അറിയിച്ചിട്ടുണ്ട്. പത്രപരസ്യവും നൽകിയിരുന്നു. |
| (ഡി) | എസ്.സി. പ്രൊമോട്ടർമാർക്ക് ഈ പദ്ധതിയിൽ എന്തെങ്കിലും പ്രത്യേക ചുമതലകൾ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ബന്ധപ്പെട്ട അപേക്ഷകൾക്ക് പദ്ധതി സംബന്ധിച്ച് വിശദാംശങ്ങൾ നൽകുന്നത് എസ്.സി പ്രമോട്ടർമാരാണ്. അപേക്ഷാഫോം, അനുബന്ധരേഖകൾ തയ്യാറാക്കൽ എന്നിവ എസ്.സി പ്രമോട്ടർമാരുടെ സഹായത്തോട് കൂടിയാണ് നടന്നു വരുന്നത്. |

സെക്ഷൻ ഓഫീസർ